**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഈ അദ്ധ്യായന വർഷം എത്ര സ്കൂളുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ അദ്ധ്യയന വർഷത്തിൽ (2021-22) ആകെ 197 സ്കൂളുകളിൽ എസ്.പി.സി പദ്ധതി അനുവദിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എയ്ഡഡ്-സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിലാണ് എസ്.പി.സി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് തരംതിരിച്ച് ലഭ്യമാക്കാമോ; | (ബി) | എസ്.പി.സി പദ്ധതി അനുവദിയ്ക്കുന്നതിനായി ലഭ്യമായ അപേക്ഷകളിന്മേൽ, പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ ടി സ്കൂളുകളിൽ ലഭ്യമാണോ എന്ന പരിശോധന നടന്നുവരുന്നു. ഇത് പൂർത്തിയായാൽ മാത്രമേ എയ്ഡഡ്-സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിൽ പദ്ധതി അനുവദിയ്ക്കാം എന്നതിൽ വ്യക്തത വരികയുള്ളൂ. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂളുകൾ പ്രസ്തുത പദ്ധതിയിൻ കീഴിൽ വരുന്നു എന്ന് സർക്കാർ- എയ്ഡഡ് മേഖല തരംതിരിച്ച് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് 803 സ്കൂളുകളിൽ എസ്.പി.സി പദ്ധതി നിലവിലുണ്ട്. ഗവൺമെന്റ്- 515, എയ്ഡഡ്-264, അൺ എയ്ഡഡ്-24 |
| (ഡി) | വടക്കാഞ്ചേരി മണ്ഡലത്തിൽ ഈ അദ്ധ്യായന വർഷം എത്ര സ്കൂളുകളിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് സർക്കാർ- എയ്ഡഡ് മേഖല തരംതിരിച്ച് എണ്ണം ലഭ്യമാക്കാമോ? | (ഡി) | വടക്കാഞ്ചേരി മണ്ഡലത്തിൽ എസ്.പി.സി പദ്ധതി അനുവദിയ്ക്കുന്നതിനായി ലഭ്യമായ അപേക്ഷകളിന്മേൽ, പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ ടി സ്കൂളുകളിൽ ലഭ്യമാണോ എന്ന പരിശോധന നടന്നുവരികയാണ്. ഇത് പൂർത്തിയായാൽ മാത്രമേ പ്രസ്തുത മണ്ഡലത്തിലെ എയ്ഡഡ്- സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിൽ പദ്ധതി അനുവദിയ്ക്കാം എന്നതിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ